പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും(ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും(ഭേദഗതി) ബിൽ

1114/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ

1999- ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 1999- ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഒരു പദപ്രയോഗത്തിന് പകരം മറ്റൊരു പദപ്രയോഗം ചേർക്കൽ.— 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), " ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "ബൈലോ" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾക്ക് പകരം "വ്യവസായ സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ " രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ

സംരംഭങ്ങൾ ആരംഭിക്കുന്നതിനായി" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, –

(i) (1)ാം ഉപവകുപ്പിൽ, "ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ " ഏത് ജില്ലക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ" എന്ന വാക്കുകൾക്ക് പകരം "ഏത് വ്യവസായ പ്രദേശത്തിനു വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ വ്യവസായ പ്രദേശത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ളിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:

“എന്നാൽ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യപാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട സ്വകാര്യ പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒരു പ്രത്യേക ക്ഷണിതാവ് ആയിരിക്കേണ്ടതാണ്.” .

6. 6-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ, " വ്യവസായ സംരംഭം" എന്ന വാക്കിന് പകരം "വ്യവസായ സ്ഥാപനം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,-

(i) "ആരംഭിക്കുവാൻ" എന്ന വാക്കിന് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ലൈസൻസുകളുടെ പുതുക്കൽ" എന്ന വാക്കുകൾക്ക് പകരം "അവയുടെ പുതുക്കൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 8-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ,-

(i) (1)-ാം ഉപവകുപ്പിൽ,-

(എ) "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) " സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അവയുടെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്കു പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക രിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 11-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ,-

(i) " അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്ന വാക്കുകൾക്ക് പകരം "അപ്രകാരം നിരസിച്ചുകൊണ്ടുള്ള ഉത്തരവോ അപ്രകാരം ഉപാധികളോടെ നൽകപ്പെട്ട ഉത്തരവോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) " ഉത്തരവിന് " എന്ന വാക്കിനു പകരം " ഉത്തരവുകൾക്ക് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും, വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും, ആധുനികവത്കരിക്കുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും അവയുടെ പുതുക്കൽ ഉൾപ്പെടെ വേഗത്തിൽ നൽകുന്നതിനും, വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാനങ്ങളുടെ രൂപീകരണത്തിനും വ്യവസ്ഥ ചെയ്തു കൊണ്ടുള്ളതാണ് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5). വ്യവസായ പ്രദേശ ബോർഡിൽ, വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട സ്വകാര്യ വ്യവസായ പാർക്കിന്റെ സംഗതിയിൽ, പ്രസ്തുത പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ പ്രത്യേക ക്ഷണിതാവായി നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനുള്ള വ്യവസ്ഥ, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ ഉൾപ്പെടുത്തുന്നതിനും അതോടൊപ്പം മറ്റു ചില ഭേദഗതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**പി. രാജീവ്**

# 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അധികാരസ്ഥാനം" എന്നാൽ സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കലോ നൽകേണ്ടതായ ഏതെങ്കിലും സർക്കാർ വകുപ്പോ, സർക്കാർ ഏജൻസികളോ, ഗ്രാമപഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ നിയമപരമായ നികായമോ സേവനദാതാക്കളോ എന്നർത്ഥമാകുന്നു;

(ബി) "ഉപ നിയമങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം സംസ്ഥാന ബോർഡ് ഉണ്ടാക്കിയ ഉപനിയമങ്ങൾ എന്നർത്ഥമാകുന്നു ;

** ** ** **

4. ജില്ലാ ബോർഡുകൾ.—(1) സംസ്ഥാനത്തെ ഓരോ ജില്ലയിലും രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ സംസ്ഥാനനിയമങ്ങൾപ്രകാരം ആവശ്യമായ വിവധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നല്കുന്നതിനായി സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി ഒരു ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

** ** ** **

5. വ്യവസായ പ്രദേശ ബോർഡുകൾ.- (1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനും വേണ്ടി വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന് വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡും ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഏത് ജില്ലയ്ക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ പേരിലുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

** ** ** **

(6) വ്യവസായ പ്രദേശ ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കും വേണ്ടി ഏതൊരാളുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആളിന് ആ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ വ്യവസായ പ്രദേശ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, വ്യവസായ പ്രദേശബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

6. <u>ലൈസൻസ് മുതലായവയിൽ നിന്നും ഒഴിവാക്കൽ.</u>- തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവസായ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയ എല്ലാ വ്യവസായ സ്ഥാപനങ്ങളെയും മുനിസിപ്പാലിറ്റികൾ അഥവാ ഗ്രാമപഞ്ചായത്തുകൾ , നഗര ആസൂത്രണ വകുപ്പ് അഥവാ വികസന അതോറിറ്റികൾ എന്നിവയിൽ നിന്നും, വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അതിന്റെ വിപുലീകരണത്തിനും, വൈവിദ്ധ്യവത്കരണത്തിനും ആധുനികവത്കരണത്തിനും, ഉൾപ്പെടെയുള്ള വ്യാപാര ലൈസൻസുകൾ നൽകുന്നതിനും വേണ്ട പെർമിറ്റുകൾ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7. <u>വ്യവസായ പ്രദേശ ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും.</u>— (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു വ്യവസായ പ്രദേശത്ത് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ വരുന്ന ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ ലൈസൻസുകളുടെ പുതുക്കൽ എന്നിവ ലഭിക്കുന്നതിനായി

ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് എന്തെങ്കിലുമുണ്ടെങ്കിൽ അതുസഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

** ** ** **

8. ജില്ലാ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പതിനഞ്ചു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അപേക്ഷയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

** ** ** **

(4) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ, എന്തുതന്നെ അടങ്ങിയിരുന്നാലും, പതിനഞ്ചു കോടി രൂപയിൽ താഴെ മൂലധനനിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട ജില്ലാ ബോർഡ് മുമ്പാകെ അപേക്ഷിച്ച ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നിരസിക്കപ്പെടുകയോ ഉപാധികളോടെ നൽകുകയോ ചെയ്താൽ സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരം നിരസിച്ചുകൊണ്ടോ ഉപാധികളോടെ ലൈസൻസ് നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ ജില്ലാ ബോർഡിൽ നിന്നും ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും അപ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ. സംസ്ഥാന ബോർഡ്, ആയത് ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

9. സംസ്ഥാന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആകെ നിക്ഷേപം പതിനഞ്ചുകോടി രൂപയിൽ കവിഞ്ഞ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ

നിയമങ്ങൾ പ്രകാരമുള്ള ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ അതിന്റെ പുതുക്കലോ ലഭിക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

** ** ** **

11. <u>സംസ്ഥാന ബോർഡിന്റെ അപ്പലേറ്റ് അധികാരപരിധി</u>.—(1) ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ, അപ്രകാരമുള്ള ഉപാധികളോടെ നൽകപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത് ജില്ലാ ബോർഡിൽ നിന്നോ വ്യവസായ പ്രദേശ ബോർഡിൽ നിന്നോ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

** ** ** **